# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2020, ഫെബ്രുവരി 11, ചൊവ്വ

**നമ്പർ 210**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്ന് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

റീബിൽഡ് കേരള പദ്ധതി നടപ്പാക്കുന്നതിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന വീഴ്ച മൂലം സംസ്ഥാനത്തെ പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങൾ സ്തംഭിക്കാനിടയായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. കെ. ബഷീറും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കങ്ങൾക്കെതിരെ ജാഗ്രത പുലർത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. രാജൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തെ വൃക്ക തകരാറിലായ രോഗികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ.റോജി എം. ജോൺ ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നം. | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ഖാദി മേഖലയിലെ പ്രശ്നങ്ങൾ | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. എസ്. ശബരീനാഥൻ | സംസ്ഥാന എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലുള്ള ജീവനക്കാരുടെ ശമ്പള വിതരണം | മുഖ്യമന്ത്രി |
| 3 | ശ്രീ. റോജി എം. ജോൺ | മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണം | മുഖ്യമന്ത്രി |
| 4 | ശ്രീ.രാജു എബ്രഹാം | സൗജന്യ കുടിവെള്ള വിതരണത്തിനും ജലസ്രോതസ്സുകൾ മെച്ചപ്പെടുത്തുന്നതിനും ജില്ലകൾക്ക് ഫണ്ട് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീമതി സി. കെ. ആശ | വെച്ചൂർ വില്ലേജിലെ ഭൂമിയുടെ ന്യായവില പുനർനിർണയം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. സി. ദിവാകരൻ | ലാൻഡ് അക്വിസിഷൻ ഓഫീസുകളിലെ തസ്തികകളുടെ തുടർച്ചാനുമതി | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ആൻസലൻ | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. ജോയി | വർക്കലയിലെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. അബ്ദുൽ ഹമീദ്. പി. | ചേളാരി ഗവ. ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

253/2024(i)

റിപ്പോർട്ട് സമർപ്പണം :

(1) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. എസ്. ശർമ്മ കമ്മിറ്റിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

(2) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ശ്രീ. റ്റി. വി. രാജേഷ് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിച്ചു.

2020-21 സാമ്പത്തിക വർഷത്തിലേക്കുള്ള ബജറ്റിനെ സംബന്ധിച്ചുള്ള പൊതു ചർച്ച തുടർന്നു :

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു :

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. പി. കെ. ശശി

ശ്രീ. പി. ടി. തോമസ്

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. പി. ഉബൈദുള്ള

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. കുഞ്ഞിരാമൻ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. ആന്റണി ജോൺ

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. ഡി. കെ. മുരളി

ശ്രീ. എൽദോ എബ്രഹാം

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. സി. മമ്മൂട്ടി

ശ്രീ. ആർ. രാജേഷ്

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. എം. സ്വരാജ്

ചർച്ച പൂർത്തിയായില്ല.

<u>നിയമനിർമ്മാണം</u> :

I. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള '2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ', '2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ' എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

പ്രസ്തുത ബില്ലുകൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. അനിൽ അക്കര, ശ്രീ. പി. ഉബൈദുള്ള, ശ്രീ. ടി. ജെ. വിനോദ് എന്നീ അംഗങ്ങൾ സംസാരിച്ചു.

'2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ' പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീമതി സി. കെ. ആശ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ആർ. രാമചന്ദ്രനും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ.വി.കെ.പ്രശാന്തും അവതരിപ്പിച്ച് സംസാരിച്ചു.

'2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ' പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ജി. എസ്. ജയലാലും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. ആൻസലനും അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. പ്രമേയം സഭ അംഗീകരിക്കുകയും ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികളൊന്നുമില്ലാതെ പാസ്സാക്കുകയും ചെയ്തു.

II. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചുമതലപ്പെടുത്തിയ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും, നിയമവും, സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ '2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ' പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല സംസാരിച്ചു.

ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എം. സ്വരാജും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എൻ. എ. നെല്ലിക്കുന്നും അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം പ്രമേയം സഭ അംഗീകരിക്കുകയും ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു.

രണ്ടാം വകുപ്പ്

i. ഖണ്ഡം 2 (എ)-ൽ "മൃതദേഹം ജഡമായോ സംസ്കാരപ്രക്രിയയിലൂടെ ചാരമായി മാറ്റിയിട്ടുള്ളതോ ആയിരുന്നാലും" എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

ii. ഖണ്ഡം 2 (ബി)-ൽ "എന്നർത്ഥമാകുന്നതും അതിൽ ഉൾപ്പെടുന്നതുമാകുന്നു" എന്നീ വാക്കുകൾക്ക് പകരം "എന്നർത്ഥമാകുന്നു" എന്ന വാക്ക് ചേർക്കുക.

മൂന്നാം വകുപ്പ്

ഖണ്ഡം 3-ന്റെ വിശദീകരണത്തിൽ "ഉൾപ്പെടുന്നതാകുന്നു" എന്നത് "ഉൾപ്പെടുന്നതും എന്നാൽ ഓർത്തഡോക്സ് - യാക്കോബായ സഭാ വിശ്വാസത്തിൽ നിന്നു മാറി ഇതര ക്രൈസ്തവസഭ വിഭാഗത്തിലോ മറ്റു മതങ്ങളിലോ ചേർന്നു വരുന്നവർ ഉൾപ്പെടാത്തതുമാകുന്നു" എന്നാക്കുക.

ആറാം വകുപ്പ്

ഖണ്ഡം 6-ന്റെ വിശദീകരണം ഒഴിവാക്കുക.

ഒന്നാം വകുപ്പും പീഠികയും

ഖണ്ഡം 1 (1)- ൽ " 2020-ലെ " എന്നതിനുമുൻപ് " ഈ ആക്റ്റിന് " എന്ന് ചേർക്കുക.

2020 ഫെബ്രുവരി 12-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 6.20-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Eighteenth Session**

# BULLETIN—PART I

*( Brief Record of Proceedings )*

*Tuesday, February 11, 2020*

**No. 210**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion* :

After hearing the Chief Minister the Speaker withheld consent to the moving of an Adjournment motion given notice of by Shri P. K. Basheer and three other Members regarding the stalemate occured in the post flood rehabilitation activities in the State due to the reported failures in the implementation of Rebuild Kerala Initiative.

(In protest against the attitude of the Government in this matter the Members belonging to the opposition staged a walkout.)

*Calling Attention* :

(1) Shri K. Rajan called the attention of the Chief Minister to the necessity to be vigilant against the Central Government move to privatise Public Sector Undertakings. The Chief Minister made a statement there to.

(2) Shri Roji M. John called the attention of the Minister for Health, Social Justice and Woman and Child Development to the necessity to provide assistance including pension to the patients with kidney failure in the State. The Minister made a statement there to.

KNPP. 253/2020 (ii).

*The Matters under Rule 304 :*

The matters raised in the House by the Members under Rule 304 are listed below :

| ക്രമ നം. | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ഖാദി മേഖലയിലെ പ്രശ്നങ്ങൾ | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. എസ്. ശബരീനാഥൻ | സംസ്ഥാന എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലുള്ള ജീവനക്കാരുടെ ശമ്പള വിതരണം | മുഖ്യമന്ത്രി |
| 3 | ശ്രീ. റോജി എം. ജോൺ | മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണം | മുഖ്യമന്ത്രി |
| 4 | ശ്രീ. രാജു എബ്രഹാം | സൗജന്യ കുടിവെള്ള വിതരണത്തിനും ജലസ്രോതസ്സുകൾ മെച്ചപ്പെടുത്തുന്നതിനും ജില്ലകൾക്ക് ഫണ്ട് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5. | ശ്രീമതി സി. കെ. ആശ | വെച്ചൂർ വില്ലേജിലെ ഭൂമിയുടെ ന്യായവില പുനർനിർണയം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. സി. ദിവാകരൻ | ലാൻഡ് അക്വിസിഷൻ ഓഫീസുകളിലെ തസ്തികകളുടെ തുടർച്ചാനുമതി | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ആൻസലൻ | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. ജോയി | വർക്കലയിലെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. അബ്ദുൽ ഹമീദ്. പി. | ചേളാരി ഗവ. ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports* :

(1) Shri S. Sarma, Chairman, Committee on Estimates presented the Twenty third Report of the Committee.

(2) Shri T. V. Rajesh, Chairman, Committee on the Welfare of Youth Affairs presented the Sixth report of the Committee.

*The General Discussion on the budget for the Financial year 2020-21 Continued* :

The following Members took part in the discussion:

Shri K. Suresh Kurup

Shri K. C. Joseph

Shri E. T. Taison Master

Shri Manjalamkuzhi Ali

Shri P. K. Sasi

Shri P. T. Thomas

Shri Anoop Jacob

Shri Murali Perunelly

Shri P. Ubaidulla

Shri Roji M. John

Shri K. Kunhiraman

Shri P. J. Joseph

Shri Kovoor Kunjumon

Shri O. Rajagopal

Shri Antony John

Shri K. S. Sabarinadhan

Shri D. K. Murali

Shri Eldho Abraham

Shri K. V. Vijayadas

Shri C. Mammutty

Shri R. Rajesh

Shri A. P. Anil Kumar

Shri M. Swaraj

The discussion was inconclusive.

*Legislative Business* :

I. Shri A. C. Moideen, Minister for Local Self Government Institutions moved the motion that ' The Kerala Municipality (Amendment) Bill, 2020' and ' The Kerala Panchayat Raj (Amendment) Bill, 2020 'as reported by the Subject Committee be taken up for consideration.

Shri Manjalamkuzhi Ali, Shri Anil Akkara, Shri P. Ubaidulla and Shri T. J. Vinod who recorded their notes of dissent to the Subject Committee Report regarding the Bills spoke.

Shri R. Ramachandran as authorised by Smt. C. K. Asha moved an amendment to circulate ' The Kerala Municipality (Amendment) Bill, 2020 ' for obtaining public opinion and Shri V. K. Prasanth moved another amendment to recommit the Bill to the same Subject Committee and spoke.

Shri G. S. Jayalal moved an amendment to circulate ' The Kerala Panchayat Raj (Amendment) Bill, 2020 ' for obtaining public opinion and Shri K. Ansalan moved another amendment to recommit the Bill to the same Subject Committee and spoke.

After the discussion and reply of the Minister the amendments were withdrawn by the leave of the House. Then the motion was adopted and the Bills were taken up for clause by clause consideration and passed without any amendments.

II. As authorised by Shri.Pinarayi Vijayan, Chief Minister Shri.A.K.Balan, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes, Law, Culture and Parliamentary Affairs, moved the motion that ' The Kerala Christian Cemeteries (Right to Burial of Corpse) Bill, 2020 ' as reported by the Subject Committee be taken up for consideration.

Shri Ramesh Chennithala, Leader of Opposition who recorded his notes of dissent to the Subject Committee Report regarding the Bill spoke.

Shri M. Swaraj moved an amendment to circulate ' The Kerala Christian Cemeteries (Right to Burial of Corpse) Bill, 2020 ' for obtaining public opinion and Shri N. A. Nellikkunnu moved another amendment to recommit the Bill to the same Subject Committee and spoke.

After the discussion and reply of the Minister the amendments were withdrawn by the leave of the House. Then the motion was adopted and the Bill was taken up for clause by clause consideration and passed with the following amendments.

<u>രണ്ടാം വകുപ്പ്</u>

i. ഖണ്ഡം 2 (എ)-ൽ "മൃതദേഹം ജഡമായോ സംസ്കാരപ്രക്രിയയിലൂടെ ചാരമായി മാറ്റിയിട്ടുള്ളതോ ആയിരുന്നാലും" എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

ii. ഖണ്ഡം 2 (ബി)-ൽ "എന്നർത്ഥമാകുന്നതും അതിൽ ഉൾപ്പെടുന്നതുമാകുന്നു" എന്നീ വാക്കുകൾക്ക് പകരം "എന്നർത്ഥമാകുന്നു" എന്ന വാക്ക് ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

ഖണ്ഡം 3-ന്റെ വിശദീകരണത്തിൽ "ഉൾപ്പെടുന്നതാകുന്നു" എന്നത് "ഉൾപ്പെടുന്നതും എന്നാൽ ഓർത്തഡോക്സ് - യാക്കോബായ സഭാ വിശ്വാസത്തിൽ, നിന്നു മാറി ഇതര ക്രൈസ്തവസഭ വിഭാഗത്തിലോ മറ്റു മതങ്ങളിലോ ചേർന്നു വരുന്നവർ ഉൾപ്പെടാത്തതുമാകുന്നു " എന്നാക്കുക.

<u>ആറാം വകുപ്പ്</u>

ഖണ്ഡം 6-ന്റെ വിശദീകരണം ഒഴിവാക്കുക.

<u>ഒന്നാം വകുപ്പും പീഠികയും</u>

ഖണ്ഡം 1 (1)- ൽ " 2020-ലെ" എന്നതിനു മുൻപ് "ഈ ആക്റ്റിന്" " എന്ന് ചേർക്കുക.

The House adjourned at 6.20 p.m. to meet again at 9.00 a.m. on Wednesday February 12, 2020.

S. V. UNNIKRISHNAN NAIR,
*Secretary.*